ടെലഫോൺ : 2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും, ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ. 2797/ബി1-എസ്റ്റാ/2020/എൻ.സി.സി

19 മേയ് 2020

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും,
യൂണിറ്റുകൾക്കും

സർ,

വിഷയം : കോവിഡ് -19 നിർവ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്.

സൂചന : ജി.ഒ (എം.എസ്) നമ്പർ 99/2020/പൊ.ഭ.വ തീയതി 18.05.2020.

സൂചന ഉത്തരവിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ്-19 നിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിൽക്കുന്ന ലോക്ക്ഡൗൺ 31 മേയ് 2020 വരെ നീട്ടിയ സാഹചര്യത്തിൽ സൂചന ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് എൻ.സി.സി വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും എല്ലാ വിഭാഗം ജീവനക്കാരും 50% പേർ ഹാജരാകുന്നു എന്ന് ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ ഉറപ്പാക്കേണ്ടതാണ്. ശേഷിക്കുന്ന ജീവനക്കാർ ആവശ്യമെങ്കിൽ മേലുദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണം ഓഫീസിൽ എത്തേണ്ടതുമാണ്. ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനു ശേഷം ഓഫീസുകളിൽ ഹാജരാകാൻ സാധിക്കാത്ത ജീവനക്കാർ രണ്ടു ദിവസത്തിനകം ജോലി ചെയ്യുന്ന ജില്ലകളിലെ ഓഫീസുകളിൽ ഹാജരാകേണ്ടതാണ്. ഇപ്രകാരം യാത്ര ചെയ്യാൻ കഴിയാത്ത ജീവനക്കാർ അതത് ജില്ലാ കളക്ടർക്ക് മുമ്പാകെ ഹാജരാകേണ്ടതാണ്. അത്തരത്തിലുള്ള ജീവനക്കാരുടെ വിവരങ്ങൾ ഓഫീസ് തലവൻമാർ ബന്ധപ്പെട്ട കളക്ടർക്ക് കൈമാറേണ്ടതാണ്.

വിശ്വസ്തതയോടെ,

(കെ അനിൽ കുമാർ)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി